എം. ഡി. വത്സമ്മയ്ക്കു നൽകിയ പാരിതോഷികം

1034. [1537] ശ്രീ. കെ. കെ. ബാലകൃഷ്ണൻ :

,, ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏഷ്യാഡ് താരമായ എം. ഡി. വത്സമ്മയ്ക്കു സോൾ ഏഷ്യാഡിൽ പങ്കെടുത്തു സ്വർണ്ണം നേടിയതിന് കൊടുത്ത പാരിതോഷികം അവർ സ്വീകരിക്കുകയുണ്ടായോ ;

(ബി) സ്വീകരിച്ചില്ലെങ്കിൽ കാരണമെന്ത് ;

(സി) ഇന്ത്യയ്ക്കും കേരളത്തിനും അഭിമാനിക്കാവുന്ന മികച്ച പ്രകടനം കാഴ്ചവച്ച ഈ കായിക താരത്തിന് നൽകാനുദ്ദേശിച്ച പാരിതോഷികം വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ, ബി) സോൾ ഏഷ്യാഡിൽ പങ്കെടുത്ത കായിക താരങ്ങൾക്കു പ്രഖ്യാപിച്ച പാരിതോഷികങ്ങൾ നൽകുന്നതിനുള്ള നടപടികൾ നടന്നു വരുന്നതേയുള്ളു. എന്നാൽ പ്രഖ്യാപിക്കപ്പെട്ട പാരിതോഷികം കുമാരി വത്സമ്മ സ്വീകരിക്കുകയില്ലെന്ന് കുമാരി വത്സമ്മയുടെ കോച്ച് ശ്രീ. കുട്ടി പറഞ്ഞതായി വിവരം ലഭിച്ചിട്ടുണ്ട്. ഇത് സ്വീകരിക്കുകയില്ലെന്നോ അതിനുള്ള കാരണം എന്താണെന്നോ കുമാരി വത്സമ്മ ഗവൺമെൻറിനെ എഴുതി അറിയിച്ചിട്ടില്ല.

(സി) പ്രഖ്യാപിച്ച പാരിതോഷികങ്ങളിൽ മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നില്ല.

പീരുമേടു നിയോജക മണ്ഡലത്തിൽപ്പെട്ട സ്ക്കൂളുകൾക്കു മിനിസ്റ്റേഡിയം

1035. [1538] ശ്രീ. കെ. കെ. തോമസ് : താഴെകാണുന്ന ചോദ്യത്തിന് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പീരുമേടു നിയോജക മണ്ഡലത്തിൽപ്പെട്ട സ്ക്കൂളുകൾക്കു മിനിസ്റ്റേഡിയം പണിയുന്നതിന് സ്പോർട്സ് കൗൺസിലിൽ നിന്നും ധനസഹായം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

പീരുമേട് നിയോജക മണ്ഡലത്തിൽപ്പെട്ട സ്ക്കൂളുകൾക്ക് മിനിസ്റ്റേഡിയം പണിയുന്നതിനു സ്വന്തമായി സ്ഥലം കൈവശമുണ്ടെങ്കിൽ നിലവിലുള്ള പദ്ധതി അനുസരിച്ചു കേരള സർക്കാരിൻറെയും കേന്ദ്ര സർക്കാരിൻറെയും സഹായധനത്തിനുള്ള അപേക്ഷകൾ കേരള സ്പോർട്സ് കൗൺസിലിൽ നൽകേണ്ടതാണ്. ആ രേഖകൾ കേരള സ്പോർട്സ് കൗൺസിൽ പരിശോധിച്ചശേഷം ധനസഹായം നൽകുന്നകാര്യം പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly